Mr. P. V. Raphael *(Joint Secretary to Government):* The amount spent for the entertainment of State visitors is noted below.—

Year	*Amount*		
	Rs.	*A.*	*P.*
1114	47,835	6	10
1115	2,259	14	10
1116 (first 8 months)	1,797	5	0

Mr. A. V. Moothedan *(Chalakkudi):* There is a progressive decline. What is the reason for that?

Mr. P. V. Raphael *(Joint Secretary to Government):* In 1114, there was the Viceroy's visit to the State and also the inauguration of the Cochin State Constitution Act.

Mr. A. V. Moothedan *(Chalakkudi):* I beg to submit that it is better to invite more people from outside so that the State may get more prominence.

Mr. C. R. Iyyunni *(Trichur-South):* What is the amount spent for the Viceregal visit?

Mr. P. V. Raphael *(Joint Secretary to Government):* Roughly Rs. 43,000.

Mr. T. A. Ramachandra Ayyar *(Nellayi):* Rs. 43,000!

Mr. P. V. Raphael *(Joint Secretary to Government):* Only Rs. 43,000.

MATTANCHERI MUNICIPALITY—ASSESSMENT OF HOUSE-TAX—GRANT OF EXEMPTIONS

239. മിസ്റ്റർ ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ക ക ങ, ക ക ന എന്നീ ഓരോ കൊല്ലത്തിലും മട്ടാഞ്ചേരി പട്ടണത്തിൽനിന്നും എത്ര സിവിൽ വ്യവഹാരങ്ങൾ പുരനികുതി അടക്കാത്തതിനു ഫയലാക്കീട്ടുണ്ടു";

(ബി) അതിൽപെട്ട പലരും തീരെ നിർധനരായതുകൊണ്ടു നികുതി ഇളവു ചെയ്യേണ്ടതാണെന്നു മനസിലാക്കിയിരി ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എത്ര മറുപടി ഗവൺമെണ്ടു നൽകി എന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. വി. റാഫേൽ :

(എ) ക ക ങ-ൽ ക ക-ം, ക ക ന-ൽ ക ക ൾ-ം വ്യവഹാരങ്ങൾ ഫയലാക്കീട്ടുണ്ടു".

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ശുപാർശ ചെയ്തിട്ടില്ല. നിർധനരുടെ കാര്യത്തിൽ കീഴ്സമ്പ്രദായം അനുസരിച്ചു നികുതി ഇളവു ചെയ്യുവാൻ കൌൺസിൽ തീരുമാനിച്ചു. അതു നിയമപ്രകാരം അനുവദിക്കത്തക്കതല്ലെന്നു ഗവമ്മെണ്ടു് ഉത്തരവായിട്ടുണ്ടു്.

മിസ്റ്റർ ബി. എം. പീറർ: നിർധനരുടെ കാര്യത്തിൽ കീഴ്സമ്പ്രദായം അനുസരിച്ചു നികുതി ഇളവുചെയ്യുവാൻ കൌൺസിൽ തീരുമാനിച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽ ഗവമ്മെണ്ടിലേക്കു യാതൊരു ശുപാർശയും ചെയ്തിട്ടില്ലെ ?

മിസ്റ്റർ പി. വി. റാഫേൽ: ഗവമ്മെണ്ടിലേക്കു കൌൺസിലിൽനിന്നു യാതൊരു ശുപാർശയും കിട്ടീട്ടില്ല.

മിസ്റ്റർ വി. കെ. കുട്ടി: ഇതു റൈറേറാഫ് ചെയ്യുവാനുള്ള അധികാരം മുനിസിപ്പാലിറ്റിക്കൊ ഗവമ്മെണ്ടിനൊ ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഒരു കുപയിൽ കൂടുതൽ വാടകയുള്ളവരെ നികുതിയിൽനിന്നു് ഒഴിവാക്കുവാൻ പാടില്ല. അവർ ദരിദ്രരല്ലെന്നുള്ള കാരണത്താലാണു റൈറേറാഫ് ചെയ്യാത്തതു് ?

മിസ്റ്റർ വി. കെ. കുട്ടി: ഒരു കുടിയാനു് ഒരു വീടുണ്ടാകും. അതു് ഇടിഞ്ഞുപൊളിഞ്ഞു പോയികിടന്നാലും മുനിസിപ്പാലിറ്റി അതിനു നികുതി പിരിക്കും. ഇങ്ങിനെയുള്ള സംഭവം എല്ലാ മുനിസിപ്പാലിറ്റികളിലുമുണ്ടു്. അങ്ങിനെയുള്ളവർക്കു നികുതിയിൽ എന്തെങ്കിലും ഇളവുചെയ്തു കൊടുക്കണം. അതിനു നിയമമില്ലെങ്കിൽ മുനിസിപ്പൽ ആക്ടിൽ ഭേദഗതി വരുത്തി ഒരു നിയമമുണ്ടാക്കണം. ഒന്നുകിൽ കൌൺസിലിൽനിന്നു് ഇങ്ങിനെയുള്ള വീടുകളെ ഒഴിവാക്കിയാലും കൊള്ളാം. ഗവമ്മെണ്ടിനു് ഈ കാര്യത്തിൽ ഒരു ദയവുണ്ടാകണം.

മിസ്റ്റർ ബി. എം. പീറർ: ഫ ഫ ഫ-ൽ ഫ-ം, ഫ ഫ ഫ-ൽ ഫ ഫ-ം വ്യാഹാരങ്ങൾ കൊടുത്തിട്ടുണ്ടു്. ഇതിൽനിന്നു നിർധനരുടെ സംഖ്യ കൂടുതലായിട്ടാണു വരുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവമ്മെണ്ടിൽനിന്നു് ദയവായി എന്തെങ്കിലും പ്രവൃത്തിക്കാമൊ ?

മിസ്റ്റർ പി. വി. റാഫേൽ: നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ടു ഗവമ്മെണ്ടിനു് എന്തുംചെയ്യുവാൻ വിരോധമില്ല.

മിസ്റ്റർ ബി. എം. പീറർ: മേലാൽ ഇങ്ങിനെ ഇളവു കൊടുക്കണമെന്നാണൊ കൌൺസിലിന്റെ തീരുമാനമുണ്ടായിരുന്നതു് ?

മിസ്റ്റർ പി. വി. റാഫേൽ: മുനിസിപ്പാലിറ്റിയുടെ തീരുമാനം നിയമപ്രകാരം ശരിയല്ലായിരുന്നു. അതുകൊണ്ടു് ആ തീരുമാനം ന്യായീകരിക്കത്തക്കതല്ലെന്നു മുനിസിപ്പാലിറ്റിയുടെ നോട്ടീസ്സിലേക്കു കൊണ്ടുചെന്നു.

മിസ്റ്റർ ബി. എം. പീറർ: നിർധനരെ ഇങ്ങിനെ ഒഴിവാക്കിയില്ലെങ്കിൽ അവർ ഭവനരഹിതരായി തീരും എന്നുള്ള കാരണത്താലാണു മുനിസിപ്പാൽ കൌൺസിൽ അവരെ നികുതിയിൽനിന്നു് ഒഴിവാക്കാൻ തീരുമാനിച്ചതു്.

മിസ്റ്റർ എം. ശിവരാമമേനോൻ: അങ്ങിനെയല്ല മുനിസിപ്പാലിറ്റി ചെയ്യേണ്ടതു്. ഇപ്പോൾ ഒ ര കുപാ എന്നുള്ളതു് ന ന്യ കുപാ ആക്കുവാൻ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെന്റിനോട് പറയുന്നു. അങ്ങിനെ ചെയ്യണമെങ്കിൽ അതു ഗവമെന്റിൽനിന്നും നോട്ടിഫൈ ചെയ്യണം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നേരെമറിച്ച് പർ രൂപയിൽ താഴെയുള്ള നികുതി എന്നു പറയരുതെ ?

മിസ്റ്റർ എം. ശിവരാമമേനോൻ: അങ്ങിനെയാണു ചെയ്യുന്നതു്. അല്ലെങ്കിൽ പൊവർട്ടി ഇല്ലാത്ത ആളുകൾക്കും റെറോഫ് ചെയ്തുകൊടുക്കേണ്ടിവരും. ഇതൊക്കെക്കൂടാതെ കഴിക്കാനുള്ള വഴികൾ ധാരാളമുണ്ടു്.

GRAZING GROUNDS IN MATTANCHERI

240. മിസ്റ്റർ ബി. എം. പീററർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമെന്റു ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി പട്ടണത്തിൽ കന്നുകാലികൾക്കു വല്ല മേച്ചിൽസ്ഥലങ്ങളും ഗവമെന്റു നൽകീട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മേച്ചിൽസ്ഥലം ഉണ്ടാക്കിക്കൊടുക്കുന്നതുവരെയെങ്കിലും കന്നുകാലികളെ പൊതുസ്ഥലങ്ങളിൽ വിടുന്ന ഉടമസ്ഥന്മാരെ പ്രോസിക്യൂട്ടു് ചെയ്യുന്ന നിയമം നിറുത്തിവെക്കാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. വി. റാഫേൽ :

(എ) മേച്ചിൽസ്ഥലത്തിന്റെ കാര്യം ആലോചിച്ചുവരുന്നുണ്ടു്.

(ബി) നിവൃത്തിയില്ല.

മിസ്റ്റർ ബി. എം. പീററർ: എത്രകാലമായി ഈ ആലോചന തുടങ്ങീട്ടു് ?

മിസ്റ്റർ പി. വി. റാഫേൽ: അധികം കാലമായിട്ടില്ല. ഒരു കൊല്ലത്തോളമെ ആയിട്ടുള്ളു.

മിസ്റ്റർ വി. കെ. കുട്ടി: ഇതനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ കൊച്ചി രാജ്യത്തു് എത്രയുണ്ടു് ?

മിസ്റ്റർ പി. വി. റാഫേൽ: പല സ്ഥലങ്ങളിലും അനുവദിച്ചിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളം ടൌണിൽ ഗവമെന്റു സഹായത്തോടുകൂടി വിലക്കെടുത്തിട്ടുള്ള ഗ്രേസിങ്ങ് ഗ്രൌണ്ടിന്റെ പണി ഇതേവരെ പൂർത്തിയായി കാണുന്നില്ല. പശുക്കളെ പുറത്തേക്കിറക്കുവാൻ കഴിയാതെ ജനങ്ങൾ കഷ്ടപ്പെടുന്നു. തൻമൂലം പലതും ചത്തുതുടങ്ങീട്ടുമുണ്ടു്.

മിസ്റ്റർ എ. വി. മൂത്തേടൻ.: ഇതൊക്കെ മുനിസിപ്പാലിറ്റിയല്ലെ ചെയ്യേണ്ടതു് ?

മിസ്റ്റർ വി. കെ. കുട്ടി: ഗവമെന്റു സഹായധനത്തോടുകൂടിയാണു് ഈ സ്ഥലം എടുത്തിട്ടുള്ളതു്. അതിനാൽ ഈ സംഗതിയിൽ ഗവമെന്റു നിർബ്ബന്ധിക്കണമെന്നാണു ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly